ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 20.03.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. മണ്ഡല പുനർനിർണയ നീക്കത്തിനെതിരെ പാർലമെൻറിൽ ഡിഎംകെ പ്രതിഷേധം. ഇരുസഭകളിലും നടപടിക്രമങ്ങൾ രണ്ട് മണിവരെ നിർത്തിവച്ചു.

   **DMK protests in Parliament against the proposed delimitation of Lok Sabha and Assembly constituencies. Proceedings in both Houses have been suspended until 2 PM.**

2. അങ്കൺവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

   **Opposition walks out in Kerala Legislative Assembly in protest against the denial of adjournment motion over the issues of Anganwadi workers.**

3. ആശാപ്രവർത്തകരുടെ വിഷയം കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡയുമായി, മന്ത്രി വീണാജോർജ് ഇന്ന് ചർച്ച ചെയ്യും.

   **Kerala Health Minister Veena George will discuss the issue of ASHA workers with Union Health Minister JP Nadda in New Delhi, today.**

4. സമ്പദ് മേഖലയുമായി ബന്ധപ്പെട്ട് ലോകം അനിശ്ചിതത്വം നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **The world is passing through an uncertain and volatile period said Dr. Jaishankar while addressing the 10th CII India-LAC Conclave in New Delhi.**

5. ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം.

   **The 2nd edition of Khelo India Para Games will begin in New Delhi today.**

&&&&&&&&&&&&&&&&

## HEADLINE – 1
## PAR-ADJOURN

ദക്ഷിണേന്ത്യയിലെ മണ്ഡല പുനർനിർണയ നീക്കത്തിനെതിരെ പാർലമെൻറിൽ ഡിഎംകെ പ്രതിഷേധം. ഇരുസഭകളിലും നടപടിക്രമങ്ങൾ രണ്ട് മണിവരെ നിർത്തിവച്ചു. മണ്ഡല പുനർനിർണയത്തിനെതിരായ മുദ്രാവാക്യങ്ങൾ പതിച്ച ടി-ഷർട്ട് ധരിച്ചാണ് ഡിഎംകെ എംപിമാർ ഇന്ന് പാർലമെൻറിലെത്തിയത്. ഇത് സഭയുടെ അന്തസ്സിനെ ഹനിക്കുന്ന ചട്ടവിരുദ്ധമായ നടപടിയാണെന്ന് ലോക്സഭാ സ്പീക്കർ ഓംബിർള പറഞ്ഞു. അംഗങ്ങളോട് സഭയുടെ പുറത്തുപോകാൻ സ്പീക്കർ ആവശ്യപ്പെട്ടതോടെ പ്രതിപക്ഷം മുദ്രാവാക്യങ്ങൾ ഉയർത്തി ശക്തമായ പ്രതിഷേധം ആരംഭിച്ചു. രാജ്യസഭയിലും പ്രതിഷേധത്തെ തുടർന്ന്, സമ്മേളനം ആരംഭിച്ച് അൽപസമയത്തിനകം തന്നെ നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. കക്ഷിനേതാക്കളുടെ യോഗം വിളിച്ചു ചേർക്കുമെന്ന്, സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ അറിയിച്ചു.

&&&&&&&&&&&&&&&&

## JOSHI - DELIMITATION - INTRO

തമിഴ്നാട് സർക്കാരിൻറെ പരാജയം മറയ്ക്കാനാണ് ഡിഎംകെ അംഗങ്ങൾ മണ്ഡല പുനർനിർണയ വിഷയം തുടർച്ചയായി പാർലമെൻറിൽ ഉന്നയിക്കുന്നതെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. ദക്ഷിണേന്ത്യയിൽ ഒരുവിധ അനീതിയും കേന്ദ്ര സർക്കാർ അനുവദിക്കില്ലെന്നും, മണ്ഡല പുനർനിർണയം ജനസംഖ്യാ കണക്കെടുപ്പിന് ശേഷം നടക്കുന്നതാണെന്നും മന്ത്രി പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്)

മണ്ഡല പുനർനിർണയം ന്യായമായ രീതിയിൽ നടക്കണമെന്നാണ് ഡിഎംകെ ആവശ്യപ്പെടുന്നതെന്ന് കനിമൊഴി എംപി പറഞ്ഞു. തമിഴ്നാട് ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ താത്പര്യത്തിന് വിരുദ്ധമായ രീതിയിലാണ് കേന്ദ്രം മണ്ഡല പുനർനിർണയം നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്നും എംപി പ്രതികരിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE – 2
## KERALA ASSEMBLY - WALKOUT

അങ്കൺവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിമാസ വേതനം 21,000 രൂപയാക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ പരിഗണിക്കണമെന്ന് പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടു. ആശ പ്രവർത്തകരെപ്പോലെ പോലെ അങ്കൺവാടി ജീവനക്കാരെയും സർക്കാർ ബുദ്ധിമുട്ടിക്കുന്നതായി ഉപക്ഷേപത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷ എംഎൽഎ നജീബ് കാന്തപുരം കുറ്റപ്പെടുത്തി. അങ്കൺവാടി ജീവനക്കാരുടെ ജോലി ഭാരത്തിൽ കഴിഞ്ഞ 10 വർഷത്തിൽ വലിയ വർധന ഉണ്ടായതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വേതന കുടിശികയുമായി ബന്ധപ്പെട്ട് അംഗൻവാടി തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നതായി മന്ത്രി പി രാജീവ് മറുപടി നൽകി. കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം 2700 രൂപ മാത്രമാണെങ്കിലും, അങ്കൺവാടി വർക്കർമാർക്ക് 12,500 മുതൽ 13,000 രൂപ വരെയും,

ഹെല്പർമാർക്ക് 8,500 മുതൽ 9,000 വരെയും ഓണറേറിയം സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. അങ്കൺവാടി ജീവനക്കാരുടെ മറ്റ് ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ ആണ് തീരുമാനം എടുക്കേണ്ടതെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&

## K RAJAN

കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ വികസനവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതായി മന്ത്രി കെ രാജൻ. പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് നേഗോഷ്യബിൾ പർചേസിന് വേണ്ടി നിയമനിർമ്മാണം പരിഗണനയിലാണെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 3
## ASHA WORKERS - STRIKE

ആശാപ്രവർത്തകരുടെ വിഷയം ചർച്ച ചെയ്യുന്നതിന് കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി നഡ്ഡയുമായി, മന്ത്രി വീണാജോർജ് ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. വിഷയത്തിൽ നിർണായക തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്ന് കൂടിക്കാഴ്ചയ്ക്കു മുന്നോടിയായി വീണാ ജോർജ് ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ഓണറേറിയം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ചർച്ച നടത്തുമെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം മന്ത്രി

വീണാ ജോർജുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് ആശാ പ്രവർത്തകർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. സെക്രട്ടറിയേറ്റിനു മുന്നിലാണ് സമരം.

&&&&&&&&&&&&&&&&

## UDYAM UTSAV

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനിൽ നടക്കുന്ന ഉദ്യം ഉത്സവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും. ചെറുകിട, ഇടത്തരം സംരംഭങ്ങളെ ശാക്തീകരിക്കുക ലക്ഷ്യമിട്ട് കേന്ദ്ര എം എസ് എം ഇ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിക്കുന്നത്. കരകൗശല, കാർഷിക ഉത്പന്നങ്ങൾക്കും, സംരംഭകർക്കുമായി ഏഴ് പവലിയനുകളാണ് മേളയിൽ ഒരുക്കിയിരിക്കുന്നത്. ഉദ്യം ഉത്സവ് ഈ മാസം 30 വരെ തുടരും.

&&&&&&&&&&&&&&&&

## HEADLINE – 4
## CII- JAISHANKAR - INTRO

ലോകം അനിശ്ചിതത്വം നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് ആഗോള സാമ്പത്തിക സാഹചര്യങ്ങൾ ഉയർത്തിക്കാട്ടി കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹിയിൽ നടന്ന പത്താമത് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡ് മഹാമാരി വികസ്വര രാജ്യങ്ങളെ ശക്തമായി ബാധിച്ചതായും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ ഇത് മന്ദഗതിയിലാക്കിയെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## RBI

ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥ ശക്തമായി നിലകൊള്ളുകയാണെന്ന് റിസർവ് ബാങ്കിന്റെ പ്രതിമാസ ബുള്ളറ്റിൻ. വർദ്ധിച്ചുവരുന്ന വ്യാപാര സംഘർഷങ്ങളും തീരുവ തർക്കങ്ങളും ആഗോള സമ്പദ്വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുകയാണ്. എന്നാൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥ മെച്ചപ്പെട്ട നിലയിലാണെന്നും, പണപ്പെരുപ്പം ഏഴ് മാസത്തെ ഏറ്റവും താഴ്ന്ന നിരക്കായ 3.6 ശതമാനമാനത്തിലെത്തിയതായും ആർബിഐ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## FARMER PROTEST

കിസാൻ മസ്ദൂർ മോർച്ചയുടെയും, സംയുക്ത കിസാൻ മോർച്ചയുടെയും നേതൃത്വത്തിൽ കർഷകർ ഇന്ന് പഞ്ചാബിലെയും, ഹരിയാനയിലെയും ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിന് മുന്നിൽ പ്രതിഷേധിക്കും. ശംഭു, ഖനൗരി അതിർത്തികളിൽ നിന്ന് സമരം ചെയ്യുന്ന കർഷകരെ പോലീസ് നടപടിയിലൂടെ നീക്കിയതും, കർഷക സംഘടനാ നേതാക്കളായ സർവൻ സിങ്ങ് പാന്ഥറെയും, ജഗജിത് സിങ്ങ് ദല്ലേവാളിനെയും കസ്റ്റഡിയിലെടുത്തതും ചൂണ്ടിക്കാട്ടിയാണ് പ്രതിഷേധം. ഉപവാസ സമരവും പ്രതിഷേധത്തിൻറെ ഭാഗമായി നടക്കുന്നുണ്ട്. മുൻകരുതൽ നടപടിയുടെ ഭാഗമായി പഞ്ചാബിലെ

സംഗ്രൂർ, പട്യാല ജില്ലകളിൽ ഇൻറർനെറ്റ് സേവനം നിർത്തിവച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&

## NAVROZ + PM WISHES

പാഴ്സി മതവിഭാഗം ഇന്ന് നവ്റോസ് നവവത്സരം ആഘോഷിക്കുന്നു. സമാധാനത്തിൻറെയും സമൃദ്ധിയുടെയും ഉത്സവം എന്നതിനുപരി മനസ്താപത്തിന്റെ ദിനമായിക്കൂടിയാണ് നവ്റോസിനെ കണക്കാക്കുന്നത്. നവ്റോസ് ദിനത്തിൽ എല്ലാവർക്കും സന്തോഷവും സമൃദ്ധിയും ആരോഗ്യവും നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## MCA-PM INTERNSHIP SCHEME

പി എം ഇൻറേൺഷിപ് പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കുള്ള സംശയനിവാരണത്തിനായി കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രാലയം ഓപ്പൺ ഹൗസ് സംഘടിപ്പിച്ചു. എല്ലാ ആഴ്ചയിലും ഇത്തരം ഓപ്പൺ ഹൗസുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## CHHATTISGARH - ENCOUNTER

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. സംഭവത്തിൽ ഒരു ജവാനും വീരമൃത്യു

വരിച്ചു. ബിജാപൂർ, ദന്തേവാഡ ജില്ലകളുടെ അതിർത്തിയിലുള്ള വനമേഖലയിലായിരുന്നു ഓപ്പറേഷൻ.

&&&&&&&&&&&&&&&&

## J AND K - NIA

ജമ്മുവിൽ 12 മേഖലകളിൽ തിരച്ചിൽ നടത്തി ദേശീയ അന്വേഷണ ഏജൻസി. ലഷ്കർ-ഇ-തൊയ്ബ, ജയ്ഷ്-ഇ-മുഹമ്മദ് എന്നീ നിരോധിത ഭീകര സംഘടനകളുമായി ബന്ധമുള്ളവരുടെ വീടുകളിലായിരുന്നു തിരച്ചിൽ. അതിർത്തി കടന്ന് ഭീകരർ നുഴഞ്ഞുകയറിയെന്ന ഇന്റെലിജൻസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി.

&&&&&&&&&&&&&&&&

## PUNJAB SIGN LANGUAGE

പഞ്ചാബ് നിയമസഭയിൽ ഇനിമുതൽ ആംഗ്യഭാഷാ സേവനങ്ങൾ ലഭ്യമാക്കും. സഭാനടപടിക്രമങ്ങൾ ബധിരരും മൂകരുമായവർക്ക് മനസ്സിലാകുന്നതിന് വേണ്ടിയാണ് ഈ ചുവടുവെയ്പ്.

&&&&&&&&&&&&&&&&

## CENTER - FARMERS

കർഷക ക്ഷേമം ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി സഹമന്ത്രി ഭഗീരഥ് ചൗധരി. ഇതിനായി പിഎം കിസാൻ സമ്മാൻ നിധി ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കി വരുന്നതായും മന്ത്രി പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

ശംഭു, ഖനൗരി അതിർത്തിയിൽ നിന്നും കർഷകരെ ഒഴിപ്പിച്ച നടപടിയിൽ ആം ആദ്മി പാർട്ടിയെയും, കോൺഗ്രസിനെയും അദ്ദേഹം വിമർശിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 5
## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. മൂന്ന് വേദികളിലായി നടക്കുന്ന ആറ് മത്സരയിനങ്ങളിൽ, 1,300 ലേറെ പാരാ അത്ലറ്റുകൾ മാറ്റുരയ്ക്കും. പാരാ ബാഡ്മിൻറൺ മത്സരങ്ങൾ ഇന്ദിരാ ഗാന്ധി സ്റ്റേഡിയത്തിൽ ഇന്ന് രാവിലെ മുതൽ ആരംഭിച്ചു. അത്ലറ്റിക്സ്, ഷൂട്ടിങ്ങ് മത്സരങ്ങൾ നാളെ നടക്കും. അമ്പെയ്ത്ത് മറ്റന്നാളും, ഭാരോദ്വഹനം ഞായറാഴ്ചയും പാരാ ടേബിൾ ടെന്നീസ് 25 നുമാണ് നടക്കുക.

&&&&&&&&&&&&&&&&

## BCCI CASH REWARD

ICC ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റ് കിരീട ജേതാക്കളായ ഇന്ത്യൻ ടീമിന് 58 കോടി രൂപയുടെ പാരിതോഷികം പ്രഖ്യാപിച്ച് ബി സി സി ഐ. ഈ മാസം 9 ന് ദുബായിൽ നടന്ന ഫൈനലിൽ ന്യൂസിലൻഡിനെതിരെ 4 വിക്കറ്റിനായിരുന്നു ഇന്ത്യയുടെ ജയം.

&&&&&&&&&&&&&&&&

## STOCK

രാജ്യത്തെ ഓഹരി വിപണിയിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 602 പോയിൻറ് ഉയർന്ന് 76,051 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 199 പോയിൻറ് ഉയർന്ന് 23,107 ലും വ്യാപാരം പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&